(ബി) കടൽക്ഷോഭത്തിൽപ്പെടുന്നവരെ സഹായിക്കാൻ ആലപ്പുഴ ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) രക്ഷാപ്രവർത്തനം നടത്തുന്നതിന് ജില്ലയിൽ സർക്കാർ ഉടമസ്ഥതയിൽ എത്ര ബോട്ടുകൾ ഉണ്ടെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത ബോട്ടുകളിലെ ജീവനക്കാർക്ക് രക്ഷാപ്രവർത്തനത്തിനുള്ള പരിശീലനം നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) നിലവിൽ കടൽക്ഷോഭത്തിൽ വള്ളവും വലയും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ജില്ലാ കളക്ടർമാർ വഴിയാണ് ധനസഹായം നൽകിവരുന്നത്.

(ബി) കടൽക്ഷോഭത്തിൽപ്പെടുന്നവരെ സഹായിക്കാൻ റവന്യൂ വകുപ്പുമായി ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) രക്ഷാപ്രവർത്തനം നടത്തുന്നതിന് ജില്ലയിൽ സർക്കാർ ഉടമസ്ഥതയിൽ ബോട്ടുകളില്ല. എന്നാൽ ട്രോളിംഗ് നിരോധന സമയത്ത് കടൽ പട്രോളിംഗിനും രക്ഷാപ്രവർത്തനങ്ങൾക്കുമായി ഒരു ബോട്ട് വാടകയ്ക്ക് എടുത്തിട്ടുണ്ട്. ട്രോളിംഗ് നിരോധനത്തിനുശേഷമുള്ള കാലയളവിലെ രക്ഷാപ്രവർത്തനം നീണ്ടകര, വൈപ്പിൻ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചാണ് നടത്തുന്നത്.

(ഡി) കടൽരക്ഷാ പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിശീലനം (ഗോവ ട്രെയിനിംഗ്) ലഭിച്ച യുവാക്കളായ മത്സ്യത്തൊഴിലാളികളെ രക്ഷാ പ്രവർത്തനങ്ങൾക്കായി ബോട്ടുകളിൽ നിയോഗിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം

151 (2970) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടൽക്ഷോഭത്തിൽ ജീവനോപാധികൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി ഫിഷറീസ് വകുപ്പിൽ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതികളൊന്നും നിലവില്ലെങ്കിൽ പ്രസ്തുത പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ ?

ഉത്തരം

(എ) കടൽക്ഷോഭത്തിൽ ജീവനോപാധികൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി ഫിഷറീസ് വകുപ്പിൽ നിലവിൽ പദ്ധതികളൊന്നുമില്ല.

(ബി) നിലവിൽ കടൽക്ഷോഭത്തിൽ ജീവനോപാധികൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ജില്ലാകളക്ടർമാർ വഴിയാണ്.

മത്സ്യത്തൊഴിലാളികൾക്കുള്ള ധനസഹായം

152 (2971) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്കുള്ള വിവിധ ഭവനനിർമ്മാണ പദ്ധതികളിൽ, ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ കൊയിലാണ്ടി മണ്ഡലത്തിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചു ; ഇവരുടെ പേര്, വിലാസം എന്നിവ വ്യക്തമാക്കി മത്സ്യഗ്രാമം അടിസ്ഥാനത്തിൽ വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) മത്സ്യത്തൊഴിലാളികൾക്കുള്ള വിവിധ സാനിറ്റേഷൻ ടോയ്ലറ്റ് ഗ്രാന്റ് പദ്ധതികളിൽ നാളിതുവരെ കൊയിലാണ്ടി മണ്ഡലത്തിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിച്ചു ; പ്രസ്തുത ധനസഹായം ലഭിച്ചവരുടെ പേരുവിവരം വ്യക്തമാക്കി മത്സ്യഗ്രാമം അടിസ്ഥാനത്തിൽ പട്ടിക ലഭ്യമാക്കാമോ ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ സർക്കാർ ക്വാട്ടയിൽ നാളിതുവരെ കൊയിലാണ്ടി മണ്ഡലത്തിൽ ഏതെല്ലാം വ്യക്തികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് പേര്, വിലാസം എന്നിവ വ്യക്തമാക്കി വിശദമാക്കാമോ ;

(ഡി) സർക്കാർ ക്വാട്ടയിൽ വീട് അനുവദിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly